# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2012 ഡിസംബർ 14, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

13 (*121) കർഷക ഗ്രൂപ്പുകൾ

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) നൽകിയ മറുപടിയിൽ, കൃഷി വകുപ്പിന് കീഴിൽ യൂറോപ്യൻ സാമ്പത്തിക സഹായത്തോടെ ആരംഭിച്ച 6 മൊത്ത വ്യാപാര വിപണികളുടെ പ്രവർത്തനവുമായി ബന്ധപ്പെടുത്തി 70 കർഷക ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ഇതിൽ അംഗങ്ങളായ കർഷകരുടെ ഉത്പന്നങ്ങൾ ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്നും ഒഴിവാക്കി ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ സംഭരിക്കുകയും വിപണിയിലെത്തിച്ച് ലേലം നടത്തുകയും ചെയ്യുന്നു. കർഷകർക്ക് ന്യായവില ഉറപ്പു വരുത്തുന്നതിനായി കൃഷിവകുപ്പിന്റെ മാർക്കറ്റിംഗ് വിഭാഗത്തിലെ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ ഉത്പന്നങ്ങളുടെ അടിസ്ഥാനവില നിശ്ചയിച്ചാണ് ലേലം നടത്തുന്നത്. കാർഷിക ഉത്പന്നങ്ങൾ വിപണിയിലെത്തിക്കുന്നതിന് കർഷ

കർക്ക് ട്രാൻസ്പോർട്ടിംഗ് സബ്സിഡി നൽകുന്നതോടൊപ്പം ലേലങ്ങളിൽ കച്ചവടക്കാർ വിലതാഴ്ത്തി വാങ്ങാതിരിക്കുന്നതിനായി ഹോർട്ടികോർപ്പ് എല്ലാ ലേലങ്ങളിലും പങ്കെടുക്കുകയും വിറ്റഴിക്കാൻ സാധിക്കാതെ വരുന്ന ഉത്പന്നങ്ങൾ മുൻകൂട്ടി നിശ്ചയിച്ചിട്ടുള്ള അടിസ്ഥാനവില നൽകി സംഭരിക്കുകയും ചെയ്യുന്നുണ്ട്. കാർഷികോത്പന്നങ്ങൾക്ക് ന്യായവില ലഭിക്കുന്നതിന് ഉത്പാദനചെലവിന്റെ കൂടെ 30 ശതമാനം കൂടി കൂട്ടി സപ്പോർട്ട് പ്രൈസ് തീരുമാനിച്ച് സംഭരിക്കുന്നതിന് ഹോർട്ടികോർപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കാർഷികവൃത്തിയെ പ്രോത്സാഹിപ്പിക്കുന്നതിനും വിപണി ശക്തിപ്പെടുത്തുന്നതിനും രാഷ്ട്രീയ കൃഷി വികാസ് യോജനയിൽ ഉൾപ്പെടുത്തി കാർഷിക ഗ്രൂപ്പുകൾക്കും പാടശേഖരങ്ങൾക്കും കൂടുതൽ സഹായങ്ങളും ആനുകൂല്യങ്ങളും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. നിലവിലുള്ള മൊത്ത വ്യാപാരകേന്ദ്രങ്ങൾ ശക്തിപ്പെടുത്തി കോൾഡ് സ്റ്റോറേജ് അടക്കമുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ഭൂമി ലഭിക്കുന്ന മുറയ്ക്ക് പുതിയ കേന്ദ്രങ്ങൾ തുടങ്ങുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. മൂന്നാറിൽ 12 വർഷം മുമ്പ് പണിതീർന്ന കോൾഡ് സ്റ്റോറേജ് നവീകരിച്ച് പ്രവർത്തനക്ഷമമാക്കുന്നതിനും ആ മേഖലയിലെ പച്ചക്കറികൾ കേരളത്തിൽത്തന്നെ വിപണനം നടത്തുന്നതിനും വയനാട് ജില്ലയിലെ മൊത്ത വ്യാപാര കേന്ദ്രങ്ങളിൽ കൂടുതൽ ദിവസങ്ങളിൽ വിപണനം നടത്താനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നാളികേര വിലയിടിവിന്റെ സാഹചര്യത്തിൽ കാർഷിക വികസന സമിതികൾ വിളിച്ചുചേർത്ത് കാർഷികോത്പന്നങ്ങൾ കൃഷി ഭവൻ വഴി സംഭരിക്കാൻ ജനുവരി 1-മുതൽ 'കർഷകരക്ഷ ഭക്ഷ്യ സുഭിക്ഷ' എന്ന പദ്ധതിക്ക് തുടക്കം കുറിക്കുകയാണ്.

ഈ പദ്ധതിയിലുൾപ്പെടുത്തി രണ്ട് ലക്ഷം രൂപ റിവോൾവിംഗ് ഫണ്ട് കൊടുത്തുകൊണ്ട് കൃഷി ഭവൻ വഴി നാളികേരം സംഭരിച്ച് കേരഫെഡിനെ ഏൽപ്പിക്കുകയും കേരഫെഡ് അത് പ്രോസസ് ചെയ്ത് നാഫെഡിനെ ഏൽപ്പിക്കുകയും ചെയ്യും. സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന പച്ചക്കറികളും മറ്റും അന്യസംസ്ഥാനത്തേയ്ക്ക് കൊണ്ടുപോയി തിരിച്ച് കേരളത്തിൽത്തന്നെ കൊണ്ടുവന്ന് അമിതമായ വിലയ്ക്ക് വിറ്റഴിക്കുന്നത് തടയുന്നതിനായി ഹോർട്ടികോർപ്പ് കർഷകരിൽ നിന്ന് നേരിട്ട് സംഭരിച്ച് ഹോർട്ടികോർപ്പിന്റേയും വി.എഫ്.പി.സി.കെ. യുടേയും ഔട്ട്ലെറ്റുകൾ വഴി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇൻഫാം പോലെയുള്ള എൻ.ജി.ഒ. കളുമായി യോജിച്ചുകൊണ്ട് ഗ്രാമീണ മേഖലയിൽ മാർക്കറ്റുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കും. അന്തക വിത്തുകൾ ഒരിക്കലും പ്രോത്സാഹിപ്പിക്കില്ലെന്നും വന്യമൃഗങ്ങളുടെ ആക്രമണം മൂലം കൃഷി നശിച്ച കർഷകർക്ക് നഷ്ടപരിഹാരമായി അവരുടെ ഉത്പാദന ചെലവ് നൽകാൻ തീരുമാനമെടുത്തിട്ടുണ്ടെന്നും നെല്ലിന്റെ സംഭരണ വില എത്രയും വേഗം കർഷകർക്ക് ലഭ്യമാക്കുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷനോട് ആവശ്യപ്പെടുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

14 (*122) <u>നഗരങ്ങളിലെ സ്വിവറേജ് സംവിധാനം</u>

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ പ്രധാന നഗരങ്ങളിലെ സ്വിവറേജ് സംവിധാനം കാര്യക്ഷമമാക്കുന്നതിന് കേരള സുസ്ഥിര നഗര വികസന പദ്ധതിയുടെ ഭാഗമായി JNNURM, ADB പദ്ധതികൾവഴി

തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് എന്നീ നഗരങ്ങളിൽ സ്വിവറേജ് സംവിധാനവും സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റും സ്ഥാപിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. കേരള വാട്ടർ അതോറിറ്റിയുടെ മേൽനോട്ടത്തിൽ തിരുവനന്തപുരം നഗരത്തിലെ സ്വീവേജ് സംസ്കരണ പ്ലാന്റ് ഉടനടി പ്രവർത്തന സജ്ജമാകും. കൊല്ലം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിലെ സ്വിവറേജ് സംവിധാനവും സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റും സ്ഥാപിക്കുന്നതിനുള്ള പണികൾ KSUDP-യുടെ ഭാഗമായി നടന്നുവരുന്നു. ചെറുപട്ടണങ്ങളുടെ കാര്യത്തിൽ ചാലക്കുടി നഗരത്തിൽ സ്വിവറേജ് സംവിധാനവും സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റും സ്ഥാപിക്കാനായി നടപടി എടുത്തെങ്കിലും ഇതിനെതിരെ ജനങ്ങളുടെ ഭാഗത്തുനിന്നുള്ള എതിർപ്പ് കാരണം മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടില്ലെന്നും തിരുവനന്തപുരം, കൊച്ചി നഗരങ്ങളിലാണ് നിലവിലുള്ള ഭാഗീക സംവിധാനങ്ങൾ നവീകരിച്ച് ആധുനിക രീതിയിലുള്ള സ്വിവറേജ് സംവിധാനവും സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റും സ്ഥാപിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുള്ളതെന്നും മന്ത്രി അറിയിച്ചു. പദ്ധതികൾ സമയബന്ധിതമായി തീർക്കുന്നതിന് കോംപീറ്റന്റായ സാങ്കേതിക വിദഗ്ദ്ധരുടെ സേവനം പ്രയോജനപ്പെടുത്തുകയും ആവശ്യമുള്ള സ്ഥലങ്ങളിൽ ആധുനിക സംവിധാനങ്ങളോടെയുള്ള സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് ചർച്ചകളുടെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുകയും ചെയ്യുന്നതാണ്. പുതുതായി നിർമ്മിക്കുന്ന കൊമേഴ്സ്യൽ സ്ഥാപനങ്ങളടക്കം ഫ്ളാറ്റുകൾക്കും മാലിന്യസംസ്കരണ സംവിധാനമുണ്ടെങ്കിൽ മാത്രമേ ലൈസൻസ് കൊടുക്കുന്നുള്ളു. ഇ-ടോയ്ലറ്റ് സംവിധാനത്തിൽ പോരായ്മയുണ്ടെങ്കിൽ അത് പരിഹരിക്കുന്ന

താണ്. തിരൂർ മുനിസിപ്പാലിറ്റിയിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്ന കാര്യം പരിഗണിക്കും. കൊല്ലം കോർപ്പറേഷനിലെ മാലിന്യസംസ്കരണ പ്ലാന്റിന്റെ പ്രവൃത്തികൾ പുരോഗമിച്ചുവരികയാണ്. കൊച്ചിയിലെ സ്വീവേജ് ട്രീന്റ്മെന്റ് പദ്ധതി സംബന്ധിച്ചുള്ള കേസ് ഒഴിവാക്കി പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കും. കേരളത്തിലെ 80 ശതമാനം കിണറുകളിലും ഇ-കോളി ബാക്ടീരിയയുടെ അളവ് അനുവദനീയമായതിലും അധികമാണെന്നും ഇത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമെന്നും ഒരുപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

### 15(*123) കോർപ്പറേഷൻ പരിധിയിലെ മാലിന്യസംസ്കരണ പ്ലാന്റുകൾ

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, കോർപ്പറേഷനിൽ നിലവിലുള്ള മാലിന്യ സംസ്കരണ പ്ലാന്റുകൾ അടച്ചുപൂട്ടാനായി സർക്കാർ ഉത്തരവുകൾ ഒന്നുംതന്നെ നൽകിയിട്ടില്ലെങ്കിലും ജനങ്ങളുടെ ഭാഗത്തുനിന്നുള്ള എതിർപ്പുകാരണം തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ കോർപ്പറേഷനുകളിലെ മാലിന്യ സംസ്കരണ പ്ലാന്റുകൾ പ്രവർത്തനരഹിതമായിരിക്കുകയാണെന്നും ഇത് പരിഹരിക്കുന്നതിനായി സർക്കാർ വിവിധതലങ്ങളിൽ കൂടിയാലോചന നടത്തിയെങ്കിലും ഒരു സമവായം ഉണ്ടാക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ലെന്നും സഭയെ അറിയിച്ചു. തിരുവനന്തപുരം നഗരത്തിലെ മാലിന്യ പ്രശ്നം പരിഹരിക്കുന്നതിന്റെ ഭാഗമായി ചാലയിൽ വിദ്യുച്ഛക്തി ഉത്പാദിപ്പിക്കാൻ കഴിയുന്ന ഒരു നവീന മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുവാനുള്ള നടപടി എടുത്തിട്ടുണ്ട്. മാലിന്യം താത്കാലികമായി കുഴിച്ചുമൂടുന്നതിന് സർക്കാർ സ്ഥലം ഉപയോഗിക്കുന്നതിന്

കോർപ്പറേഷന് അനുമതി നൽകിയിരുന്നു. കൊച്ചുവേളി, മുരുക്കുംപുഴ എന്നിവിടങ്ങളിൽ റെയിൽവേ പ്ലാറ്റ്ഫോം ഖരമാലിന്യവും മണ്ണും ചേർത്ത് ഉണ്ടാക്കിയെങ്കിലും തുടർന്നുള്ള ശ്രമങ്ങൾ ഉപേക്ഷിക്കപ്പെട്ടു. പാറമടകളിൽ ശാസ്ത്രീയമായി ലാന്റ്ഫിൽ ചെയ്യുന്നതിനുള്ള ശ്രമങ്ങളും ജനങ്ങളുടെ എതിർപ്പുമൂലം തുടരാനായില്ല. ഇപ്പോൾ താത്കാലിക പരിഹാരമായി മണിക്കൂറിൽ അര ടൺ മുതൽ ഒരു ടൺ വരെ ഖരമാലിന്യം സംസ്കരിക്കാൻ ശേഷിയുള്ള ഒരു മൊബൈൽ ഇൻസിനറേറ്റർ പ്രവർത്തിക്കുന്നുണ്ട്. കോട്ടയം, കൊച്ചി, കോഴിക്കോട്, കണ്ണൂർ, കൊല്ലം, തൃശ്ശൂർ എന്നിവിടങ്ങളിൽ ആധുനികരീതിയിലുള്ള മാലിന്യസംസ്കരണ പ്ലാന്റുകൾ പി.പി.പി അടിസ്ഥാനത്തിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ വിവിധഘട്ടങ്ങളിലാണ്. ഉറവിട മാലിന്യ സംസ്കരണത്തിനുവേണ്ടി 5.7 കോടി രൂപ തിരുവനന്തപുരം കോർപ്പറേഷന് നൽകിയതിനുപുറമേ സംസ്ഥാനത്തെല്ലായിടത്തും കമ്പോസ്റ്റ് സംവിധാനങ്ങൾക്ക് 90 ശതമാനവും, ബയോഗ്യാസ് പ്ലാന്റുകൾക്ക് 75 ശതമാനവും സബ്സിഡി നൽകി വരുന്നുണ്ട്. നിലവിലുള്ള കമ്പോസ്റ്റിംഗ് രീതിക്ക് പരിസ്ഥിതി പ്രശ്നങ്ങൾ മൂലം ജനങ്ങളുടെ ഭാഗത്തുനിന്നും എതിർപ്പുണ്ടായ സാഹചര്യത്തിൽ, മലിനജലം ഉണ്ടാകാത്ത, ദുർഗ്ഗന്ധമുണ്ടാക്കാത്ത, സാനിറ്ററി ലാന്റ് ഫിൽ ഏറ്റവും കുറച്ചാവശ്യമുള്ള ഗ്യാസിഫിക്കേഷൻ എന്ന സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി വൈദ്യുതി ഉത്പാദനം ലക്ഷ്യമിടുന്ന നവീന സാങ്കേതികവിദ്യ ഉപയോഗപ്പെടുത്താനാണ് തീരുമാനിച്ചിട്ടുള്ളത്. മാലിന്യം സംസ്കരിക്കുന്നത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രാഥമിക ഉത്തരവാദിത്തമാണെന്നും അതിനാവശ്യമായ സഹായം ചെയ്തുകൊടുക്കുമെന്നും ഉറവിട മാലിന്യസംസ്കരണത്തിന് ആവശ്യമായ ഫണ്ട് അനുവദി

ക്കുമെന്നും കൊല്ലം കോർപ്പറേഷനിൽ 200 ടൺ മാലിന്യം സംസ്കരിക്കാവുന്ന പ്ലാന്റും തൃശ്ശൂർ നഗരത്തിൽ 150 ടൺ മാലിന്യം സംസ്കരിക്കാവുന്ന പ്ലാന്റുമാണ് വിഭാവനം ചെയ്യുന്നതെന്നും തിരുവനന്തപുരം കോർപ്പറേഷനിൽ വിളപ്പിൽശാല മാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മാണവുമായി ബന്ധപ്പെട്ട് പരാതികൾ വന്നതിനെത്തുടർന്ന് എൽ.എസ്.ജി.ഡി.യുടെ ഓഡിറ്റ് വിഭാഗം പരിശോധന നടത്തുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

16 (*124) <u>വെറ്ററിനറി സർവ്വകലാശാലയിലെ നിർമ്മാണ പ്രവർത്തനങ്ങൾ</u>

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, കേന്ദ്ര ഗവൺമെന്റും നബാർഡും നൽകുന്ന ധനസഹായം ഉപയോഗിച്ച് പൂക്കോട്, മണ്ണുത്തി കാമ്പസുകളുടെയും തിരുവാഴംകുന്ന്, തിരുവനന്തപുരം എന്നിവിടങ്ങളിലെ റിസർച്ച് സെന്ററുകളുടെയും നിർമ്മാണ പ്രവർത്തനങ്ങളും കോലാഹലമേട്, തുമ്പർമുഴി എന്നിവിടങ്ങളിലെ ഫാമുകളുടെ പുനരുദ്ധാരണവുമാണ് ചെയ്യാനുദ്ദേശിക്കുന്നതെന്ന് സഭയെ അറിയിച്ചു. നബാർഡിന്റെ സഹായത്തോടെ പൂക്കോട്, മണ്ണൂത്തി എന്നീ സ്ഥലങ്ങളിലെ നിർമ്മാണ പ്രവൃത്തികൾ ചെയ്യുന്നതിനാണ് ബി.എസ്.എൻ.എൽ-മായി ധാരണയായത്. ആർക്കിടെക്ചർ ബ്രിയോ, മുംബൈ; എനാർക്ക് കൺസൾട്ടന്റ്സ് (പി) ലിമിറ്റഡ്, നോയിഡ; ആർചിവിസ്റ്റാ എഞ്ചിനീയറിംഗ് പ്രോഡക്ട്സ് (പി) ലിമിറ്റഡ്, ചെന്നൈ; ക്ലീം ആർട്ട് (പി) ലിമിറ്റഡ്, ബാംഗ്ലൂർ; ഗേർസി ഈസ്റ്റേൺ ലിമിറ്റഡ്, വകോല, സാന്ത്രാക്രൂസ് (ഇ); ക്രിയേറ്റീവ് ഗ്രൂപ്പ് ആർക്കിടെക്സ് ന്യൂഡൽഹി, എ.എൻ.എ ഡിസൈൻ,

ന്യൂഡൽഹി, യു.സി.ജെ. ആർക്കിടെക്സ് & എൻവയോർൺമെന്റ്സ്, മുംബൈ എന്നിവയാണ് കൺസൾട്ടൻസിക്കുവേണ്ടി എംപാനൽ ചെയ്യപ്പെട്ട സ്ഥാപനങ്ങൾ. നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഇതുവരെ ടെണ്ടർ വിളിച്ചിട്ടി ല്ലെങ്കിലും. കൺസൾട്ടൻസി എംപാനൽമെന്റിന്റെ നിർദ്ദിഷ്ട യോഗ്യതകളിൽ ഇളവുകൾ നൽകിയാണ് 2-7-2012-ൽ രണ്ടാമത് വിജ്ഞാപനം ചെയ്തത്. കൺസൾട്ടന്റ് സ്ഥാപനത്തിന് യോഗ്യത നേടിയതിന് ശേഷം 15 വർഷത്തിൽ കുറയാതെ ആർക്കിടെക്ചറൽ ഡിസൈനിംഗിലുള്ള പ്രവൃത്തി പരിചയം വേണമെന്നുള്ളത് 10 വർഷത്തിനുമുകളിൽ പ്രവൃത്തി പരിചയവും അംഗീകാ രവും നിയമപരമായി അംഗത്വം നേടിയതുമായ ആർക്കിടെക്ചറൽ സ്ഥാപനം ആയിരിക്കണമെന്നും 100 കോടി രൂപയിൽ കുറയാത്ത സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ കുറഞ്ഞത് മൂന്ന് പണികളെങ്കിലും ചെയ്തതി നുള്ള പ്രവൃത്തി പരിചയം ഉണ്ടായിരിക്കണമെന്നത്, കുറഞ്ഞത് മൂന്ന് പണിക ളിൽ ഒരെണ്ണത്തിനെങ്കിലും 30 കോടി രൂപയിൽ കുറയാത്ത അടങ്കൽ തുക ഉള്ളതായിരിക്കണം എന്നാക്കി ഇളവ് ചെയ്തിരുന്നു. പ്രസ്തുത സ്ഥാപന ത്തിന് നല്ല സാമ്പത്തിക ഭദ്രത ഉണ്ടെന്നുള്ളതിനു തെളിവായി കഴിഞ്ഞ 5 വർഷത്തെ ആദായ നികുതി വകുപ്പിൽ നിന്നുള്ള സർട്ടിഫിക്കറ്റ് ഹാജരാക്ക ണം; അപേക്ഷകർ കോടതിയിൽ നിന്നുള്ള ക്രിമിനൽ നടപടികൾ നേരിടുന്ന വരോ കടബാധ്യതയുള്ളവരോ, കടബാധ്യതയുമായി ബന്ധപ്പെട്ട് സ്വത്തുക്കൾ കോടതിയുടെ അധീനതയിലായിട്ടുള്ളവരോ ആകാൻ പാടില്ലാത്തതാണ് എന്നുള്ള വ്യവസ്ഥകൾ റദ്ദാക്കി. കൂടുതൽ അപേക്ഷകരെ ഉൾപ്പെടുത്താ നാണ് ഇപ്രകാരം ടെണ്ടർ ചെയ്തതെന്ന് 28-8-2012 ലെ ബോർഡിൽ

അന്നത്തെ വി.സി. വിശദീകരിച്ചിട്ടുണ്ടെന്നും നിയമപരമായി അത് നില നിൽക്കില്ലെന്ന് പിന്നീട് നിയമോപദേശം ലഭിച്ചിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. പ്രീ ക്വാളിഫൈയിംഗ് ക്രൈറ്റീരിയ അനുസരിച്ച് 18 പേരിൽ നിന്ന് 8 പേരെ സെലക്ട് ചെയ്തിട്ടുണ്ടെന്ന് ഒരു ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറി യിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി 125 മുതൽ 150 വരെയുള്ള ചോദ്യങ്ങൾക്കും നക്ഷത്ര ചിഹ്നമിടാത്ത 1437 മുതൽ 1749 വരെയുള്ള ചോദ്യങ്ങളിൽ 104 എണ്ണ ത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം മറുപടി നൽകി)